235

ഭാരത സർക്കാർ

നിയമ മന്ത്രാലയം

सत्यमेव जयते

# ദുർബ്ബല വ്യാവസായിക കമ്പനികൾ (പ്രത്യേക വ്യവസ്ഥകൾ) റദ്ദാക്കൽ ആക്റ്റ്, 2003

(2004-ലെ 1-ാം നമ്പർ ആക്റ്റ്)

(2007 മാർച്ച് 9-ാം തീയതി നിലവിലിരുന്ന പ്രകാരം)

# THE SICK INDUSTRIAL COMPANIES (SPECIAL PROVISIONS) REPEAL ACT, 2003

## (ACT No. 1 OF 2004)

**(As on 9th March, 2007)**

വില : 15 രൂപ

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം
സർക്കാർ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്, 2008.

# ആമുഖം

2007 മാർച്ച് 9-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള ദുർബ്ബല വ്യാവസായിക കമ്പനികൾ (പ്രത്യേക വ്യവസ്ഥകൾ) റദ്ദാക്കൽ ആക്റ്റ്, 2003 (2004-ലെ 1-ാം ആക്റ്റ്)-ന്റെ മലയാളത്തിലുള്ള ആധികാരിക പാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2007 മെയ് 18-ാം തീയതിയിലെ അസാധാരണ കേന്ദ്ര ഗസറ്റ് XI-ാം ഭാഗം, 1-ാം വകുപ്പ്, 1-ാം വാല്യം, 4-ാം നമ്പരായി 13 മുതൽ 17 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് ഭാരതത്തിന്റെ രാഷ്ട്രപതി അധികാരപ്പെടുത്തിയപ്രകാരം പ്രസിദ്ധീകരിക്കുകയും അപ്രകാരം പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

**ഡോ. കെ. എൻ. ചതുർവേദി,**
ഭാരത സർക്കാരിന്റെ സെക്രട്ടറി.

# PREFACE

This Edition of the Sick Industrial Companies (Special Provisions) Repeal Act, 2003 (Act 1 of 2004) as on 9th March, 2007 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, section 1, Vol. 1, No. 4 dated 9th March, 2007 on pages 13 to 17.

This authorised translation was published under the authority of the President of India under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

DR. K. N. CHATURVEDI,
*Secretary to the Government of India.*

3/9003/08.

# ദുർബ്ബല വ്യാവസായിക കമ്പനികൾ (പ്രത്യേക വ്യവസ്ഥകൾ) റദ്ദാക്കൽ ആക്റ്റ്, 2003

(2004-ലെ 1-ാം നമ്പർ ആക്റ്റ്)

<u>ഉള്ളടക്കം</u>


| *വകുപ്പുകൾ* | | *പേജ്* |
|---|---|---|
| 1. | ചുരുക്കപ്പേരും പ്രാരംഭവും | 1 |
| 2. | നിർവ്വചനങ്ങൾ | 1 |
| 3. | 1986-ലെ 1-ാം ആക്റ്റിന്റെ റദ്ദാക്കലും അപ്പലേറ്റ് അതോറിറ്റിയുടെയും ബോർഡിന്റെയും പിരിച്ചുവിടലും | 1 |
| 4. | പരിണത വ്യവസ്ഥകൾ | 1 |
| 5. | ഒഴിവാക്കൽ | 3 |
| 6. | ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം | 4 |

## ദുർബ്ബല വ്യാവസായിക കമ്പനികൾ (പ്രത്യേക വ്യവസ്ഥകൾ) റദ്ദാക്കൽ ആക്റ്റ്, 2003

(2004-ലെ 1-ാം നമ്പർ ആക്റ്റ്)

[2004 ജനുവരി, 1]

1985-ലെ ദുർബ്ബല വ്യാവസായിക കമ്പനികൾ (പ്രത്യേക വ്യവസ്ഥകൾ) ആക്റ്റ് റദ്ദാക്കുന്നതിനുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ അമ്പത്തിനാലാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് ദുർബ്ബല വ്യാവസായിക കമ്പനികൾ (പ്രത്യേക വ്യവസ്ഥകൾ) റദ്ദാക്കൽ ആക്റ്റ്, 2003 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത്, കേന്ദ്രസർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, നിശ്ചയിക്കാവുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—(1) ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "അപ്പലേറ്റ് അതോറിറ്റി" എന്നാൽ ദുർബ്ബല വ്യാവസായിക കമ്പനികൾ (പ്രത്യേക വ്യവസ്ഥകൾ) ആക്റ്റ്, 1985-ലെ 5-ാം വകുപ്പുപ്രകാരം വ്യാവസായികവും സാമ്പത്തികവുമായ പുനരുദ്ധാരണത്തിനുവേണ്ടി രൂപീകരിച്ച അപ്പലേറ്റ് അതോറിറ്റി എന്ന് അർത്ഥമാകുന്നു;

(ഖ) "ബോർഡ്" എന്നാൽ ദുർബ്ബല വ്യാവസായിക കമ്പനികൾ (പ്രത്യേക വ്യവസ്ഥകൾ) ആക്റ്റ്, 1985-ലെ 4-ാം വകുപ്പുപ്രകാരം വ്യാവസായികവും സാമ്പത്തികവുമായ പുനരുദ്ധാരണത്തിനു വേണ്ടി സ്ഥാപിതമായ ബോർഡ് എന്ന് അർത്ഥമാകുന്നു;

(ഗ) ഇതിൽ ഉപയോഗിച്ചിട്ടുള്ളതും നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ദുർബ്ബല വ്യാവസായിക കമ്പനികൾ (പ്രത്യേക വ്യവസ്ഥകൾ) ആക്റ്റ്, 1985-ൽ നിർവ്വചിച്ചിട്ടുള്ളതുമായ പദങ്ങൾക്കും പദപ്രയോഗങ്ങൾക്കും യഥാക്രമം ആ ആക്റ്റിൽ അവയ്ക്ക് നല്കിയിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

3. 1986-ലെ 1-ാം ആക്റ്റിന്റെ റദ്ദാക്കലും അപ്പലേറ്റ് അതോറിറ്റിയുടെയും ബോർഡിന്റെയും പിരിച്ചുവിടലും.—1985-ലെ ദുർബ്ബല വ്യാവസായിക കമ്പനികൾ (പ്രത്യേക വ്യവസ്ഥകൾ) ആക്റ്റ് (ഇതിനുശേഷം റദ്ദാക്കിയ നിയമം എന്നാണ് പരാമർശിക്കപ്പെടുക) ഇതിനാൽ റദ്ദാക്കിയിട്ടുള്ളതും അപ്പലേറ്റ് അതോറിറ്റിയും ബോർഡും പിരിച്ചുവിടപ്പെട്ടതായി നിലകൊള്ളുന്നതുമാകുന്നു.

4. പരിണത വ്യവസ്ഥകൾ.—അപ്പലേറ്റ് അതോറിറ്റിയുടെയും ബോർഡിന്റെയും പിരിച്ചുവിടലിൻമേൽ,—

(ക) (i) അപ്പലേറ്റ് അതോറിറ്റിയുടെയോ ബോർഡിന്റെയോ ചെയർമാനായും അംഗമായും നിയമിക്കപ്പെട്ട വ്യക്തികളും;

(ii) കേന്ദ്രസർക്കാരും അപ്പലേറ്റ് അതോറിറ്റിയും അല്ലെങ്കിൽ ബോർഡും നിയമിച്ചിട്ടുള്ള മറ്റ് ഏതൊരു വ്യക്തിയും,

ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിനു തൊട്ടുമുമ്പായി അപ്രകാരം ഉദ്യോഗം വഹിച്ചുകൊണ്ടിരുന്നവർ, അവരുടെ ഉദ്യോഗം ഒഴിയേണ്ടതും, അപ്രകാരമുള്ള ഏതൊരു ചെയർമാനും, അംഗവും അല്ലെങ്കിൽ മറ്റു വ്യക്തിയും അയാളുടെ ഉദ്യോഗത്തിന്റെയോ അല്ലെങ്കിൽ ഏതെങ്കിലും സേവന കരാറിന്റെയോ കാലാവധി

പൂർത്തിയാകുന്നതിനു മുമ്പുള്ള പിരിച്ചുവിടലിന് ഏതെങ്കിലും നഷ്ടപരിഹാരം ആവശ്യപ്പെടുന്നതിന് അർഹതയില്ലാത്തതുമാകുന്നു:

എന്നാൽ, അപ്പലേറ്റ് അതോറിറ്റിയോ ബോർഡോ പിരിച്ചുവിടുന്നതിന് തൊട്ടുമുമ്പ് അപ്പലേറ്റ് അതോറിറ്റിയിലോ ബോർഡിലോ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിതരായിട്ടുള്ള ഏതൊരു ഉദ്യോഗസ്ഥനും ജീവനക്കാരനും, അതത് സംഗതിപോലെ, അയാളുടെ മാതൃകേഡറിലേക്കോ മന്ത്രാലയത്തിലേക്കോ വകുപ്പിലേക്കോ മടക്കി അയയ്ക്കപ്പെട്ട സ്ഥിതിയിൽ ആയിരിക്കുന്നതാണ്:

എന്നുമാത്രമല്ല, അപ്പലേറ്റ് അതോറിറ്റിയോ ബോർഡോ പിരിച്ചുവിടുന്നതിന് തൊട്ടുമുമ്പ് അപ്പലേറ്റ് അതോറിറ്റിയിലോ ബോർഡിലോ അപ്പലേറ്റ് അതോറിറ്റിയോ ബോർഡോ റഗുലർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ഏതൊരു ഉദ്യോഗസ്ഥനും ജീവനക്കാരനും, അപ്രകാരം പിരിച്ചുവിടുന്ന തീയതിയിലും അതിനുശേഷവും, കേന്ദ്രസർക്കാരിൽ നിക്ഷിപ്തമായിട്ടുള്ളതും അപ്രകാരമുള്ള അപ്പലേറ്റ് അതോറിറ്റിയെയോ ബോർഡിനെയോ സംബന്ധിക്കുന്ന അവകാശങ്ങൾ കൈമാറ്റം ചെയ്തിട്ടില്ലാത്തതുമാണെങ്കിൽ, പെൻഷൻ, ഗ്രാറ്റുവിറ്റി തുടങ്ങി അയാൾക്ക് അനുവദനീയമായ മറ്റു സംഗതികളും സംബന്ധിച്ച അതേ അവകാശങ്ങളോടും വിശേഷാവകാശങ്ങളോടുംകൂടി യഥാക്രമം കേന്ദ്രസർക്കാരിന്റെ ഉദ്യോഗസ്ഥനോ ജീവനക്കാരനോ ആയിത്തീരുന്നതും, കേന്ദ്രസർക്കാരിലെ അയാളുടെ നിയമനം, യഥാവിധി പിരിച്ചുവിടാത്തപക്ഷവും വിടുന്നതുവരെയും ആ സർക്കാർ അയാളുടെ ശമ്പളവും നിയമന ഉപാധികളും നിബന്ധനകളും യഥാവിധി മാറ്റം വരുത്തുന്നതുവരെയും അപ്രകാരം തന്നെ തുടരുന്നതുമാണ്:

എന്നു തന്നെയുമല്ല, വ്യാവസായിക തർക്കങ്ങൾ ആക്റ്റ്, 1947-ലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, അപ്പലേറ്റ് അതോറിറ്റിയിലോ ബോർഡിലോ നിയമിതനായ ഏതൊരു ഉദ്യോഗസ്ഥന്റെയോ മറ്റു ജീവനക്കാരന്റെയോ കേന്ദ്ര സർക്കാരിലേക്കുള്ള സേവന മാറ്റത്തിന്, ഈ നിയമപ്രകാരമോ തത്സമയം പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമപ്രകാരമോ ഉള്ള നഷ്ടപരിഹാരത്തിന് അപ്രകാരമുള്ള ഉദ്യോഗസ്ഥനോ ജീവനക്കാരനോ അവകാശമില്ലാത്തതും, ഏതെങ്കിലും കോടതിയോ ട്രിബ്യൂണലോ മറ്റ് അധികാര സ്ഥാനമോ അപ്രകാരമുള്ള യാതൊരു അവകാശവാദങ്ങളും സ്വീകരിക്കാൻ പാടില്ലാത്തതുമാകുന്നു:

എന്നുതന്നെയുമല്ല, അപ്പലേറ്റ് അതോറിറ്റിയിലോ ബോർഡിലോ നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥന്റെയോ ജീവനക്കാരന്റെയോ ആനുകൂല്യത്തിനുവേണ്ടി അപ്പലേറ്റ് അതോറിറ്റിയോ ബോർഡോ പ്രോവിഡന്റ് ഫണ്ട്, സൂപ്പർആനുവേഷൻ, ക്ഷേമം അല്ലെങ്കിൽ മറ്റു ഫണ്ടുകൾ സ്ഥാപിച്ചിട്ടുള്ളപ്പോൾ ഈ ആക്റ്റിൻകീഴിലോ അതുപ്രകാരമോ കേന്ദ്രസർക്കാരിലേക്ക് സേവനം മാറ്റിയ ഉദ്യോഗസ്ഥരുമായും ജീവനക്കാരുമായും ബന്ധപ്പെടുത്താവുന്ന തുകകളിൽ ബാക്കി നില്ക്കുന്ന തുകകൾ അപ്പലേറ്റ് അതോറിറ്റിയോ ബോർഡോ പിരിച്ചുവിടുമ്പോൾ, കേന്ദ്രസർക്കാരിന്റെ അപ്രകാരമുള്ള പ്രോവിഡന്റ് ഫണ്ട്, സൂപ്പർആനുവേഷൻ, ക്ഷേമം അല്ലെങ്കിൽ മറ്റു ഫണ്ടുകളുടെ വരവിലേക്ക് മാറ്റപ്പെട്ട സ്ഥിതിയിൽ ആയിരിക്കുന്നതും നിക്ഷിപ്തമാകുന്നതും അപ്രകാരം മാറ്റപ്പെട്ട തുകകൾ ആ സർക്കാർ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ കൈകാര്യം ചെയ്യേണ്ടതുമാണ്.

(ഖ) അപ്പലേറ്റ് അതോറിറ്റിക്ക് നല്കിയിട്ടുള്ള ഏതൊരു അപ്പീലും അല്ലെങ്കിൽ ബോർഡിനു നല്കിയ ഏതൊരു റഫറൻസും അല്ലെങ്കിൽ ബോർഡിന്റെയോ മറ്റേതെങ്കിലും അധികാര സ്ഥാനത്തിന്റെയോ മുമ്പാകെ നിലനില്ക്കുന്ന ഏതൊരു അന്വേഷണവും അല്ലെങ്കിൽ ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിന് തൊട്ടുമുമ്പ് അപ്പലേറ്റ് അതോറിറ്റിയുടെയോ ബോർഡിന്റെയോ മുമ്പാകെ നിലനില്ക്കുന്ന ഏതു സ്വഭാവത്തിലുള്ള ഏതൊരു നടപടിയും ഉപശമിപ്പിക്കപ്പെട്ട സ്ഥിതിയിൽ ആയിരിക്കുന്നതാണ്:

എന്നാൽ ഒരു കമ്പനിക്ക്:—

(i) ഈ ഖണ്ഡപ്രകാരം ഉപശമിച്ചതായി നിലനില്ക്കുന്ന അപ്പീലോ റഫറൻസോ അന്വേഷണമോ സംബന്ധിച്ച് കമ്പനികൾ ആക്റ്റ്, 1956-ലെ ഭാഗം VI ക പ്രകാരം, ഈ ആക്റ്റ് പ്രാബല്യത്തിൽവന്ന് നൂറ്റിഎൺപതുദിവസങ്ങൾക്കകം കമ്പനികൾ ആക്റ്റ്, 1956-ലെ വ്യവസ്ഥകൾക്കനുസൃതമായി ഒരു റഫറൻസ് നല്കാവുന്നതാണ് ;

(ii) കമ്പനികൾ (രണ്ടാം ഭേദഗതി) ആക്റ്റ്, 2002 പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് കമ്പനികൾ ആക്റ്റ്, 1956-ലെ 2-ാം വകുപ്പ് (46 ക ക) ഖണ്ഡത്തിൽ നിർവ്വചിച്ചിട്ടുള്ളതുപോലെ ഉള്ള ഒരു ദുർബ്ബല വ്യാവസായിക കമ്പനി ആയിത്തീർന്നിട്ടുണ്ടെങ്കിൽ, കമ്പനികൾ ആക്റ്റ്, 1956-ലെ VI ക ഭാഗം പ്രകാരം കമ്പനികൾ (രണ്ടാം ഭേദഗതി) ആക്റ്റ്, 2002 പ്രാബല്യത്തിൽ വന്നതുമുതൽ നൂറ്റിഎൺപതു ദിവസങ്ങൾക്കകമോ അല്ലെങ്കിൽ അപ്രകാരം പ്രാബല്യത്തിൽ വന്നതിനുശേഷം കണക്കുകൾ അന്തിമമായി സ്വീകരിച്ച് അറുപതു ദിവസങ്ങൾക്കകമോ അവയിൽ ഏതാണോ ആദ്യം, അതിനകം ഒരു റഫറൻസ് നല്കാവുന്നതും,

അപ്രകാരം നല്കിയ റഫറൻസ്, കമ്പനികൾ ആക്റ്റ്, 1956-ലെ വ്യവസ്ഥകൾക്കനുസൃതമായി കൈകാര്യം ചെയ്യേണ്ടതുമാണ്:

എന്നുമാത്രമല്ല, ഈ ഖണ്ഡപ്രകാരം ഏതു കമ്പനിയുടെ അപ്പീലോ റഫറൻസോ അന്വേഷണമോ ആണ് ഉപശമിപ്പിക്കപ്പെട്ട സ്ഥിതിയിലുള്ളത്, ആ കമ്പനിക്ക് കമ്പനികൾ ആക്റ്റ്, 1956 പ്രകാരം, അപ്രകാരമുള്ള റഫറൻസ് നല്കുന്നതിന് യാതൊരു ഫീസും കൊടുക്കേണ്ടതില്ല:

എന്നുതന്നെയുമല്ല, (4)-ാം ഉപവകുപ്പുപ്രകാരം അനുവദിച്ചിട്ടുള്ള ഏതൊരു പദ്ധതിയും അല്ലെങ്കിൽ റദ്ദാക്കിയ നിയമത്തിന്റെ 18-ാം വകുപ്പ് (12)-ാം ഉപവകുപ്പുപ്രകാരം നടപ്പിലാക്കി കൊണ്ടിരിക്കുന്ന ഏതൊരു പദ്ധതിയും കമ്പനികൾ ആക്റ്റ്, 1956-ലെ 424 ഘ വകുപ്പു പ്രകാരം അനുവദിച്ചതോ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതോ ആയ ഒരു പദ്ധതിയായി കണക്കാക്കേണ്ടതും, ആ ആക്റ്റിലെ ഭാഗം VI ക-ൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾക്കനുസൃതമായി കൈകാര്യം ചെയ്യേണ്ടതുമാണ്;

(ഗ) അപ്പലേറ്റ് അതോറിറ്റിയോ, ബോർഡോ, അതത്സംഗതിപോലെ, സ്വീകരിച്ചിട്ടുള്ളതോ അതിനുമുൻകൂറായി നല്കിയിട്ടുള്ളതോ ആയതും ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് ചെലവഴിച്ചിട്ടില്ലാത്തതുമായ എല്ലാ തുകകളുടെയും നീക്കിയിരിപ്പ് (ഏതൊരു ഫീസുമുൾപ്പടെ) ഈ ആക്റ്റിന്റെ പ്രാരംഭത്തിൽ കേന്ദ്രസർക്കാരിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടതും നിക്ഷിപ്തമാക്കപ്പെട്ടതുമായ സ്ഥിതിയിൽ ആയിരിക്കുന്നതും ഖണ്ഡങ്ങൾ (ങ)-യുടെയും (ച)-യുടെയും ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതുമാണ്;

(ഘ) അപ്പലേറ്റ് അതോറിറ്റിയുടെയോ, ബോർഡിന്റെയോ, അതത്സംഗതിപോലെ, ഉടമസ്ഥതയിലുള്ളതും അല്ലെങ്കിൽ നിക്ഷിപ്തമായിട്ടുള്ളതും ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് ചെലവഴിച്ചിട്ടില്ലാത്തതുമായ ഏതൊരു തരത്തിലുള്ള എല്ലാ വസ്തുക്കളും ഈ ആക്റ്റിന്റെ പ്രാരംഭത്തിൽ കേന്ദ്രസർക്കാരിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടതും നിക്ഷിപ്തമാക്കപ്പെട്ടതുമായ സ്ഥിതിയിൽ ആയിരിക്കുന്നതാണ്;

(ങ) ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിന് തൊട്ടുമുമ്പ് അപ്പലേറ്റ് അതോറിറ്റിയോ, ബോർഡോ നേരിട്ടതും നിലവിലുള്ളതുമായ ഏതൊരു തരത്തിലുള്ള ബാദ്ധ്യതകളും കടമകളും ഈ ആക്റ്റിന്റെ പ്രാരംഭത്തിലും അതുമുതൽക്കും, അതത്സംഗതിപോലെ, കേന്ദ്രസർക്കാരിന്റെ ബാധ്യതകളും കടമകളുമായി കരുതേണ്ടതും, ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിന് തൊട്ടുമുമ്പ് അപ്രകാരമുള്ള ബാധ്യതയോ കടമയോ സംബന്ധമായി അപ്പലേറ്റ് അതോറിറ്റിയുടെയോ ബോർഡിന്റെയോ അല്ലെങ്കിൽ അതിനെതിരായോ ഉള്ള തീർപ്പാകാത്തതോ നിലവിലിരിക്കുന്നതോ ആയ ഏതൊരു നടപടികളും വ്യവഹാരകാരണവും ഈ ആക്റ്റിന്റെ പ്രാരംഭം മുതൽക്ക് കേന്ദ്ര സർക്കാരിനോ അതിനെതിരായോ തുടരാവുന്നതോ നടപ്പിലാക്കാവുന്നതോ ആണ്;

(ച) (ഗ) ഖണ്ഡപ്രകാരം കേന്ദ്രസർക്കാരിൽ നിക്ഷിപ്തമായ എല്ലാതുകകളും, ആ ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ബാധ്യതകളും കടമകളും നിറവേറ്റുന്നതിനുവേണ്ടി നേരിട്ട തുകകൾ കുറവുചെയ്തതിനുശേഷം, കേന്ദ്രസർക്കാർ അപ്രകാരമുള്ള തുക ഏതു വ്യക്തിക്കാണോ ചെല്ലേണ്ടത് ആ വ്യക്തിക്ക് മടക്കിക്കൊടുക്കേണ്ടതാണ്.

5. ഒഴിവാക്കൽ.—(1) റദ്ദാക്കിയ നിയമത്തിന്റെ ഈ ആക്റ്റ് പ്രകാരമുള്ള റദ്ദാക്കൽ—

(ക) റദ്ദാക്കിയ നിയമം പ്രയോഗിച്ചിട്ടുള്ളതോ ഉൾക്കൊള്ളിച്ചിട്ടുള്ളതോ അല്ലെങ്കിൽ പരാമർശിച്ചിട്ടുള്ളതോ ആയ മറ്റ് ഏതൊരു നിയമത്തെയും ബാധിക്കുന്നതല്ല;

(ഖ) റദ്ദാക്കിയ നിയമപ്രകാരം, മുമ്പ് ആരംഭിച്ചിട്ടുള്ള പ്രവൃത്തിയെയോ യഥാവിധി ചെയ്ത എന്തിനെയെങ്കിലുമോ അല്ലെങ്കിൽ അതുപ്രകാരം അനുഭവിച്ചതിനെയോ ബാധിക്കുന്നതല്ല;

(ഗ) റദ്ദാക്കിയ നിയമപ്രകാരം, ആർജ്ജിച്ചിട്ടുള്ളതോ സിദ്ധിച്ചിട്ടുള്ളതോ അല്ലെങ്കിൽ നേരിട്ടുള്ളതോ ആയ ഏതൊരു അവകാശത്തെയോ പ്രത്യേകാവകാശത്തെയോ കടമയെയോ ബാദ്ധ്യതയെയോ, ബാധിക്കുന്നതല്ല;

(ഘ) ബോർഡ് പുറപ്പെടുവിച്ച യാതൊരു ഉത്തരവും പദ്ധതികൾ അനുവദിക്കുന്നതിനെ ബാധിക്കുന്നതല്ല;

(ങ) ചെയ്തതോ അനുഭവിച്ചതോ ആയ എന്തിന്റെയെങ്കിലും സാധുതയെയോ അസാധുതയെയോ പ്രാബല്യത്തെയോ അനന്തരഫലത്തെയോ അല്ലെങ്കിൽ ആർജ്ജിച്ചതോ സിദ്ധിച്ചതോ നേരിട്ടതോ ആയ ഏതൊരു അവകാശത്തെയോ അവകാശപ്രമാണത്തെയോ കടമയെയോ ബാദ്ധ്യതയെയോ അല്ലെങ്കിൽ അതിനെ സംബന്ധിച്ചുള്ള ഏതൊരു നിവൃത്തി മാർഗ്ഗത്തെയോ നടപടിക്രമത്തെയോ അല്ലെങ്കിൽ ഏതൊരു കടത്തിന്റെയോ പിഴയുടെയോ കടമയുടെയോ ബാദ്ധ്യതയുടെയോ അവകാശവാദത്തിന്റെയോ ധനാഭ്യർത്ഥനയുടെയോ അല്ലെങ്കിൽ മുമ്പ് നല്കിയിട്ടുള്ള ഏതൊരു നഷ്ടോത്തരവാദത്തിന്റെയോ അല്ലെങ്കിൽ ഏതൊരു പ്രവൃത്തിയുടെയോ സാധനത്തിന്റെയോ തെളിവിന്റെയോ അല്ലെങ്കിൽ അതിൽ നിന്നുള്ളതോ ആയ ഏതൊരു മോചനത്തിനെയോ വിമുക്തമാക്കലിനെയോ ബാധിക്കുന്നതല്ല;

(ച) റദ്ദാക്കിയ നിയമത്തിന് എതിരെ ചെയ്ത ഏതൊരു കുറ്റത്തെ സംബന്ധിച്ച ഏതൊരു പിഴയെയോ കണ്ടുകെട്ടലിനെയോ ശിക്ഷ നേരിട്ടതിനെയോ ബാധിക്കുന്നതല്ലാത്തതും മുൻപറഞ്ഞതുപോലുള്ള ഏതെങ്കിലും തരത്തിലുള്ള അവകാശത്തെയോ പ്രത്യേകാവകാശത്തെയോ കടമയെയോ ബാധ്യതയെയോ പിഴയെയോ കണ്ടുകെട്ടലിനെയോ അല്ലെങ്കിൽ ശിക്ഷയെയോ സംബന്ധിച്ച ഏതൊരു അന്വേഷണത്തെയോ നിയമനടപടിയെയോ നിവൃത്തിമാർഗ്ഗത്തെയോ ബാധിക്കുന്നതല്ലാത്തതും അപ്രകാരമുള്ള ഏതൊരു അന്വേഷണവും നിയമനടപടിയും അല്ലെങ്കിൽ നിവൃത്തിമാർഗ്ഗവും ആരംഭിക്കാവുന്നതും തുടരാവുന്നതും നടപ്പിലാക്കാവുന്നതും ഈ ആക്റ്റ് പാസ്സാക്കിയിട്ടില്ല എന്നപോലെ അപ്രകാരമുള്ള ഏതൊരു പ്രത്യേകാവകാശമോ കണ്ടുകെട്ടലോ ശിക്ഷയോ ചുമത്താവുന്നതുമാണ്;

(ഛ) റദ്ദാക്കിയ നിയമത്തിലോ, അതിൽനിന്നോ അതുമുതലോ യഥാക്രമം ഏതൊരു സിദ്ധാന്തത്തെയെയോ, നിയമവാഴ്ചയെയോ അല്ലെങ്കിൽ വ്യവസ്ഥാപിത അധികാരാതിർത്തിയെയോ രീതിയെയോ വാദഗതിയെയോ പ്രവർത്തനരീതിയെയോ നടപടിക്രമത്തെയോ അല്ലെങ്കിൽ നിലവിലിരിക്കുന്ന വഴക്കം, ആചാരം, പ്രത്യേകാവകാശം, നിയന്ത്രണം, ഒഴിവാക്കൽ, ഉദ്യോഗം അല്ലെങ്കിൽ നിയമനം എന്നിവ എന്തുതന്നെയായിരുന്നാലും അവ യഥാക്രമം ഏതെങ്കിലും തരത്തിൽ ദൃഢീകരിക്കുകയോ അംഗീകരിക്കുകയോ ലഭിക്കുകയോ ചെയ്തിരുന്നാലും ബാധിക്കുന്നതല്ല;

(ജ) ഇപ്പോൾ നിലവിലില്ലാത്തതോ പ്രാബല്യത്തിലില്ലാത്തതോ ആയ ഏതൊരു അധികാരാതിർത്തിയോ, ആഫീസോ, ആചാരമോ, ബാധ്യതയോ, അവകാശമോ, അവകാശ പ്രമാണമോ, പ്രത്യേകാവകാശമോ, നിയന്ത്രണമോ, ഒഴിവാക്കലോ, വഴക്കമോ, പ്രവർത്തനരീതിയോ, നടപടിക്രമമോ അല്ലെങ്കിൽ മറ്റു സംഗതിയോ, സാധനമോ പുനഃസ്ഥാപിക്കുകയോ പുനർജ്ജീവിപ്പിക്കുകയോ ചെയ്യുന്നതല്ല.

(2) 4-ാം വകുപ്പിലും ഈ വകുപ്പിലെ (1)-ാം ഉപവകുപ്പിലും മറ്റുവിധത്തിൽ വ്യവസ്ഥചെയ്യുന്ന പ്രകാരമൊഴികെ, ആ വകുപ്പിലും ഉപവകുപ്പിലും പറയുന്ന പ്രത്യേക സംഗതികൾ സാമാന്യഖണ്ഡങ്ങൾ ആക്റ്റ്, 1897-ലെ 6-ാം വകുപ്പിന്റെ പൊതുപ്രയോഗത്തിന് ഭംഗമോ ഹാനിയോ വരുന്ന രീതിയിൽ ഗണിക്കപ്പെടാൻ പാടുള്ളതല്ല.

6. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.—(1) കേന്ദ്രസർക്കാരിന്, വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ, അങ്ങനെയുള്ള ചട്ടങ്ങളിൽ, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 4-ാം വകുപ്പിലെ (ക) ഖണ്ഡത്തിന്റെ നാലാം പരിമിതി വ്യവസ്ഥപ്രകാരം കേന്ദ്ര സർക്കാരിന് കൈമാറ്റം ചെയ്തുകിട്ടിയ ആഫീസർമാരുടെയും ജീവനക്കാരുടെയും പ്രോവിഡന്റ് ഫണ്ട്, സൂപ്പർആനുവേഷൻ, ക്ഷേമം അല്ലെങ്കിൽ മറ്റു ഫണ്ടുകളിൽ വരവിൽ നില്ക്കുന്ന തുകകൾ എന്നിവ ആ സർക്കാർ കൈകാര്യം ചെയ്യേണ്ടുന്ന രീതി;

(ഖ) ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ അല്ലെങ്കിൽ വ്യവസ്ഥ ചെയ്യേണ്ടുന്നതോ ആയ മറ്റ് ഏതെങ്കിലും സംഗതി.

(3) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം, ആകുന്നത്ര വേഗത്തിൽ, പാർലമെന്റ് സമ്മേളനത്തിൽ ഇരിക്കുമ്പോൾ, അതിൻെറ ഓരോ സഭയുടെയും മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്തു വരുന്ന സമ്മേളനം അവസാനിക്കുന്നതിനുമുമ്പ് ഇരുസഭകളും, ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുത് എന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം, ആ ചട്ടത്തിന്, അതത്സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുമ്പ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കുന്നതാണ്.

---

3/9003/09.